## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2245** **09.03.2018-ൽ മറുപടിയ്ക്ക്**

**പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ**

**ചോദ്യം**
ശ്രീ.റ്റി.വി.രാജേഷ്

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്ര അധ്യാപക - അനധ്യാപക തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | എ) | കണ്ണൂർ ഗവ.മോഡൽ റസിഡൻഷ്യൽ സ്കൂളിൽ താഴെ പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br>1. പട്ടികവർഗ്ഗ വികസന വകുപ്പ് - 21 അനധ്യാപക തസ്തിക<br>2. വിദ്യാഭ്യാസ വകുപ്പ്<br>എ. ഹൈസ്കൂൾ വിഭാഗം - 13 അദ്ധ്യാപക തസ്തിക<br>ബി. ഹയർസെക്കണ്ടറി വിഭാഗം - 17 അദ്ധ്യാപക തസ്തിക<br>3. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 9 തസ്തികകളിലും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഹൈസ്കൂൾ സെക്ഷനിൽ 3 തസ്തികകളിലും ഹയർ സെക്കണ്ടറി സെക്ഷനിൽ 4 തസ്തികകളിലും താൽക്കാലിക ജീവനക്കാരുമാണ് ഉള്ളത്.<br>ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | കണ്ണൂർ എം.ആർ.എസ് -ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള ടോയ്ലറ്റുകൾ, ശുദ്ധ |

| | | | |
|---|---|---|---|
| | | | ജല വിതരണം എന്നിവയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കാവശ്യമായ ബഞ്ച്, ഡെസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും പ്രൈമറി, റഫറൻസ് പുസ്തകങ്ങൾ, എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, റേഡിയോ നിലയം, എന്നിവ ടി സ്ക്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ്, വാട്ടർ പ്യൂരിഫെയർ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ 2016-17 അദ്ധ്യയന വർഷം നടത്തിയ അറ്റകുറ്റപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.<br>ഹൈസ്കൂൾ ഹോസ്റ്റൽ ബിൽഡിംഗ്-53,95,854/-<br>യു.പി.സ്കൂൾഹോസ്റ്റൽബിൽഡിംഗ്-42,29,295 /-<br>മെസ്ഹാൾ ബിൽഡിംഗ് - 11,05,000/-<br>പ്ലസ്ടുക്ലാസ്റൂം ബിൽഡിംഗ് - 20, 03,828/-<br>യു.പി.സ്കൂൾ, പ്ലസ്ടു ടോയിലറ്റ് ബ്ലോക്ക് - 3,64,133/-<br>സ്റ്റാഫ് ക്വാർട്ടേഴ്സ് - 25,45,698/-<br>ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ -15,00,000/-<br>2017-18 അദ്ധ്യയന വർഷം നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്.<br>• ഹയർ സെക്കറി ഹോസ്റ്റൽ ബിൽഡിംഗിന്റെ അറ്റകുറ്റപണികൾക്ക് 28,51,390 രൂപ<br>• ഡ്രൈയിംഗ് ഏരിയ നിർമ്മാണത്തിന് 6,42,478/- രൂപ<br>• വാതിലുകളുടെയും ജനലുകളുടെയും അറ്റകുറ്റപ്പണികൾക്കായി 14,41,878/- രൂപ. |

| | | | |
|---|---|---|---|
| സി) | ഏതൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ അവിടെ നടന്ന് വരുന്നത്; വിശദമാക്കുമോ? | സി) | പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള കണ്ണൂർ എം.ആർ.എസ് ൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>1. സ്മാർട് ക്ലാസ് റൂം- നിർമ്മാണം പൂർത്തീകരിച്ചു.<br>2. സ്ക്കൂൾ റേഡിയോ - പദ്ധതി പൂർത്തീകരിച്ചു.<br>3. സി.സി.ടി.വി - പദ്ധതി പൂർത്തീകരിച്ചു.<br>4. വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം- പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു.<br>5. സ്റ്റീമർ കിച്ചൺ സിസ്റ്റം -പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു.<br>6. മിന്നൽ രക്ഷാചാലകം- പണി നടന്നു കൊണ്ടിരിക്കുന്നു.<br>7. ഹൈമാസ്റ്റ് ലൈറ്റ്– പണി ആരംഭിച്ചിട്ടുണ്ട്.<br><br>2016-17 അദ്ധ്യയനവർഷം അനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. ഹൈസ്കൂൾ, യു. പി. സ്കൂൾ ഹോസ്റ്റൽ, മെസ്ഹാൾ ഹോസ്റ്റൽ എന്നിവയുടെ ടൈൽ ഇടൽ പൂർത്തിയായി. പെയിന്റിംഗ്, ഗ്രിൽ ഫിറ്റിംഗ് എന്നീ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു.<br><br>2. യു. പി. സ്ക്കൂൾ , പ്ലസ് ടു ടോയിലറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വെക്കേഷനിൽ പൂർത്തിയാക്കുന്നതാണ്.<br><br>3. സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണി ആരംഭിച്ചിട്ടുണ്ട്.<br>4. വൈദ്യുതി അറ്റകുറ്റ പണികളുടെ ടെണ്ടർ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ